"ഭരണ ഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ (Accredited Agencies) നടത്തുന്ന ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ മുൻകൂർ തുക നൽകുന്നത് പരിമിതപ്പെടുത്തുന്നത് – ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി -സെൽ.എ) വകുപ്പ്**

സ.ഉ.(കൈ) നം.45/2023/ധന. തീയതി, 10 മാർച്ച്, 2023.

---

പരാമർശം: 1) സ.ഉ.(അ)നം.67/2021/ധന തീയതി 28/02/2021
2) സ.ഉ.(കൈ)നം. 38/2023/ധന തീയതി 09/03/2023

**ഉത്തരവ്**

അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ (Accredited Agencies) മുഖേന നടത്തുന്ന ഡിപ്പോസിറ്റ് വർക്കിനായി അത്തരം ഏജൻസികളിൽ പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാതു സാമ്പത്തിക വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ഡിപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ അംഗീകൃത ഏജൻസികളിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതാണെന്നും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രാദേശിക സർക്കാരുകൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നിരവധി പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കുകളായി ചെയ്യുന്നതിന് വലിയ തോതിൽ അഡ്വാൻസ് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ ഉത്തരവ് താഴെപ്പറയുന്ന തരത്തിൽ ഭേദഗതി ചെയ്ത് കൊള്ളുന്നു:

i. അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ (Accredited Agencies) മുഖേന നടത്തുന്ന ഡിപ്പോസിറ്റ് വർക്കിനായി അത്തരം ഏജൻസികളിൽ പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതും പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാതു സാമ്പത്തിക വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കേണ്ടതും അല്ലാത്ത പക്ഷം ഡിപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ അംഗീകൃത ഏജൻസികളിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതുമാണ്.

ii. സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ ഇനി മുതൽ അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂർ തുക കൊടുക്കുന്നത് പരിമിതപ്പെടുത്തേണ്ടതാണ്. അത്യാവശ്യമുള്ള ഡിപ്പോസിറ്റ് പ്രവൃത്തികൾ മാത്രമേ

ഏറ്റെടുക്കാവൂ. അങ്ങനെയുള്ള പ്രവൃത്തികൾക്ക് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 13.3 പ്രകാരമുള്ള 20 ശതമാനം അഡ്വാൻസ് മാത്രമേ നൽകാവൂ. പ്രവർത്തികൾ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ അക്രഡിറ്റഡ് ഏജൻസികൾക്ക് പിന്നീട് പണം നൽകാവൂ.

iii. ധനകാര്യ (എസ്.എഫ്.സി സെൽ-എ) വകുപ്പിൽ നിന്നുള്ള പ്രത്യേക നിർദ്ദേശപ്രകാരമല്ലാതെ മുൻ ഖണ്ഡിക (i), (ii) എന്നീ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നില്ല എന്ന് എല്ലാ ട്രഷറി ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്. പരാമർശം (1) ഉത്തരവിലെ മറ്റ് നിബന്ധനകളും കർശനമായി പാലിക്കേണ്ടതാണ്.

3) ഇതിൽ വീഴ്ച വരുത്തുന്ന പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – III), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ ത.സ്വ.ഭ (അർബൻ) വകുപ്പ്, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യ-ജെ/ ഡെവലപ്. വിംഗ്/ പ്ലാനിംഗ്-എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2377629)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.